"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും തളിപറമ്പ അന്താരാഷ്ട്ര പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പാർട്ട് ബിൽ തുകയായ 1.25 കോടി രൂപ അനുവദിക്കുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.2198/2024/LSGD തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം.2249/2021/തസ്വഭവ തീയതി.10.11.2021
2. സ.ഉ(സാധാ) നം.938/2024/തസ്വഭവ തീയതി.30.05.2024
3. 26/06/2024-ലെ 2024-25 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.
4. കില ഡയറക്ടർ ജനറലിന്റെ 24.10.2024 തീയതിയിലെ 2020/5860/എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 675 ലക്ഷം രൂപ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതിൽ ഇന്റർനാഷണൽ ട്രെയിനിംഗ് ബ്ലോക്ക്- തളിപറമ്പ-Phase-1 എന്ന ശീർഷകത്തിൽ 424.23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരികയാണെന്നും ആയതിന്റെ ഭാഗമായി തളിപറമ്പ അന്താരാഷ്ട്ര പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ രണ്ടു പാർട്ട് ബില്ലുകൾ കരാറുകാരൻ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ നാളിതുവരെയും 424.23 ലക്ഷം രൂപ കില ഡയറക്ടറുടെ പേരിൽ ലഭിച്ചിട്ടില്ലാത്തതിനാൽ, പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും നൽകണമെന്നും പരാമർശം (2) പ്രകാരം 2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതികൾക്ക് 1435 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയതിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിനുള്ള ഭരണാനുമതി പ്രത്യേകമായി അനുവദിക്കണമെന്നും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 2515-00-003-99 എന്ന ശീർഷകത്തിൽ കിലയ്ക്ക് അനുവദിക്കുന്ന തുകയിൽ ഉൾപ്പെടുത്തി കരാറുകാരൻ സമർപ്പിച്ചിട്ടുള്ള പാർട്ട് ബിൽ തുകയായ 1.25 കോടി രൂപ കിലയുടെ ജില്ലാ ട്രഷറി, തൃശ്ശൂർ ഉള്ള പി.എസ്.ടിഎസ്.ബി അക്കൗണ്ട് നമ്പർ 799012700000132 -ലേയ്ക്ക് അനുവദിച്ച നൽകണമെന്നും പരാമർശം (4) പ്രകാരം കില ഡയറക്ടർ

ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തളിപറമ്പ അന്താരാഷ്ട്ര പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പാർട്ട് ബിൽ തുകയായ 1.25 കോടി രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

1) ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ
4) അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്എ/ജി&എസ്.എസ്.എ),കേരള, തിരുവനന്തപുരം
6) ധനകാര്യ വകുപ്പ് (E.2813662:WCD-3/111/2024-FIN Finance (WCD) Department)
7) ഐ&പി.ആർ.ഡി(വെബ്& ന്യൂ മീഡിയ)
8) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
Date: 14-11-2024 13:33:40
സെക്ഷൻ ഓഫീസർ